**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5607** **03-11-2021 - ൽ മറുപടിയ്ക്ക്**

**എളവള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്നും കരാർ വച്ചത് എന്നാണെന്നും വ്യക്തമാക്കാമോ; | (എ) | മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റ കെട്ടിട നിർമ്മാണ പ്രവൃത്തിയ്ക്ക് 31/03/2017 ലെ സ.ഉ (സാധാ) നം. 924/2017/GEDN പ്രകാരം ഭരണാനുമതിയും, 23/07/2018 ലെ 41/ഇ/എൽ.എസ്.ജി.ഡി/ ഡിവിഷൻ തൃശ്ശൂർ/18-19 നമ്പർ പ്രകാരം കരാർ ഉടമ്പടിയും വച്ചിട്ടുണ്ട്. |
| (ബി) | കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് എന്നാണെന്നും എത്ര ശതമാനം പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിക്കാനായി എന്നും അറിയിക്കാമോ; | (ബി) | കരാറുടമ്പടി പ്രകാരം 23/01/2020 (18 മാസം) - നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. ഇപ്പോൾ 60% ത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി) | കരാറുകാരനുണ്ടായ സാമ്പത്തിക പ്രതിസന്ധിയും, കോവിഡ് കാലത്ത് വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവും, ചെയ്ത പ്രവൃത്തിയിൽ ഉദ്യോഗസ്ഥർ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി കരാറുകാരൻ നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ ഉണ്ടായ കാലതാമസവും, പ്രവൃത്തി നീണ്ടു പോകുവാൻ കാരണമായിട്ടുണ്ട്. എന്നാൽ ഇപ്പോൾ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | ഇപ്പോൾ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ